**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ ശിശു മന്ദിരത്തിൽ പാർട്ട് ടൈം നഴ്സറി ടീച്ചർ ആയിരുന്ന ശ്രീമതി ഷൈലജ.എസ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP (C) 34356/2014 നമ്പർ ഹർജിയിലെ വിധിന്യായം പാലിച്ച് കൊണ്ട് ശ്രീമതി. ഷൈലജയെ അനധികൃതമായി സർവീസിൽ നിന്ന് പിരിച്ച് വിട്ട നടപടി റദ്ദ് ചെയത് ടിയാളെ സർവീസിൽ പുനപ്രവേശിപ്പിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.302/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 01/02/2018**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 24.11.2016 ലെ WP(C) 34356/2014 നമ്പർ വിധിന്യായം.

2. സ.ഉ(സാധാ) നം. 2653/2014/തസ്വഭവ, തീയതി, 14.10.2014
3. ശ്രീമതി. ഷൈലജ.എസ് ന്റെ 20.12.2016 ലെ അപേക്ഷ.
4. പഞ്ചായത്തു ഡയറക്ടറുടെ 30.12.2017 ലെ ഇ 9-48336/17 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ശിശു മന്ദിരത്തിൽ പാർട്ട് ടൈം നഴ്സറി ടീച്ചർ ആയിരുന്ന ശ്രീമതി. ഷൈലജ.എസ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP (C) 34356/2014 നമ്പർ ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരിയുടെ എക്സിബിറ്റ് പി 5 നിവേദനവും ടിയാൾ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിനായി സമർപ്പിക്കുന്ന നിവേദനവും ടിയാൾ സേവനത്തിൽ നിന്ന് പുറത്ത് നിന്ന സമയത്തെ സാമ്പത്തിക ആനുകൂല്യം നല്കുന്ന കാര്യവും പരാതിക്കാരിയെയും പഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ടതിനു ശേഷം തീർപ്പാക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഷൈലജ.എസ് പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. പരാമർശം (4) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കി.

ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായപ്രകാരം പരാതിക്കാരിയെയും പഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ടു. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ശിശു മന്ദിരത്തിൽ പാർട്ട് ടൈം നഴ്സറി ടീച്ചർ ആയിരുന്ന ശ്രീമതി. ഷൈലജ.എസ് പൊതുസഭയിൽ വെച്ച് പഞ്ചായത്ത് ജനപ്രതിനിധികളെ അപമാനിക്കുന്ന തരത്തിൽ സംസാരിച്ചു എന്ന കാരണത്താൽ ടിയാളെ സർവിസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവിസിൽ നിന്നും നിക്കം ചെയ്യുകയും ചെയ്തിരുന്നു. ഇതിനെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)

29208/2013 ഹർജിയിലെ വിധിന്യായപ്രകാരം 1960 ലെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ പാലിക്കാതെ ശ്രീമതി. ഷൈലജ.എസ് നെ പിരിച്ച് വിട്ട പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ടും പഞ്ചായത്ത് ജനപ്രതിനിധികളെ അപമാനിക്കുന്നതരത്തിൽ പെരുമാറിയ ടിയാൾക്കെതിരെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദേശം നൽകിയും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗ്രാമപഞ്ചായത്ത് അപ്പീൽ നൽകിയെങ്കിലും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മേൽ അപ്പീൽ നിരസിച്ചു ഉത്തരവായെന്നും ആയതിനാൽ മേൽ ഉത്തരവുപ്രകാരം ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയെന്നും ഗ്രാമ പഞ്ചായത്തു കമ്മിറ്റി സമ്മതിക്കാത്തതിനാൽ നാളിതുവരെയും ശ്രീമതി. ഷൈലജയെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഷൈലജ.എസ് നെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശിശു മന്ദിരത്തിൽ പാർട് ടൈം നഴ്സറി ടീച്ചർ ആയി 06/8/2010 ലെ സ.ഉ(എം.എസ്)നം.170/2010/ത.സ്വ.ഭ.വ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നടപടി ക്രമങ്ങൾ പാലിക്കാതെ ടിയാളെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട നടപടി ചട്ടവിരുദ്ധമായതിനാൽ പരാതിക്കാരിയെ പിരിച്ച് വിട്ട ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ടും പരാതിക്കാരിക്കെതിരെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടം 15 ലെ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് വ്യക്തമായ നിർദേശം നൽകികൊണ്ടും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നതാണ്. ആയതു പാലിക്കാതിരുന്ന ഗ്രാമപഞ്ചായത്തിന്റെ നടപടി ഉചിതമല്ല. ഗ്രാമ പഞ്ചായത്തു കമ്മിറ്റി സമ്മതിക്കാത്തതിനാൽ നാളിതുവരെയും ശ്രീമതി. ഷൈലജ.എസ് നെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല എന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അനുചിതമാണ്.

മേൽ സാഹചര്യത്തിൽ പരാതിക്കാരിയായ ശ്രീമതി. ഷൈലജ.എസ് നെ സേവനത്തിൽ ഉടനടി പുനഃപ്രവേശിപ്പിക്കുന്നതിനും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ നിർദേശം പാലിക്കുന്നതിനും നെല്ലനാട് ഗ്രാപഞ്ചായത്ത് സെക്രട്ടറിക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. ഷൈലജ.എസ് സേവനത്തിൽ നിന്നും പുറത്ത് നിന്ന സമയത്തെ സാമ്പത്തിക ആനുകൂല്യം സംബന്ധിച്ച് പിന്നീട് പ്രത്യേക നിർദേശം പുറപ്പെടുവിക്കുന്നതാണ്.

പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത്, തിരുവന്തപുരം ജില്ല
ശ്രീമതി. ഷൈലജ. എസ്, സംഗ മൻസിൽ, കല്ലിട്ടുക്കിൽ, മണലിമുക്ക്, വെഞ്ഞാറമ്മൂട്.പി.ഒ,
തിരുവനന്തപുരം ജില്ല

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/195/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ